## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3046 11.12.2014 -ലെ മറുപടിയ്ക്ക്

### സർവ്വകലാശാലകളുടെ അനാസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി<br>,, ജി. സുധാകരൻ<br>,, വി. ശിവൻകുട്ടി<br>,, ആർ. രാജേഷ് : | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പൊതുസ്ഥാപനങ്ങളെ അവഗണിക്കുകയും ചെയ്യുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇതിന്റെ ഭാഗമായി ഈ അദ്ധ്യയന വർഷത്തെ ബി. എഡ്. പ്രവേശനം നിർത്തി വച്ചിട്ടുണ്ടോ; ഇത്തരമൊരവസ്ഥ സംജാതമാകാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) (സി) (ഡി) & (ഇ) | കേരള യൂണിവേഴ്സിറ്റികോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകൾ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളാണ്. ഇവ സർക്കാർ ഗ്രാന്റ് നൽകി നടത്തുന്ന സ്ഥാപനങ്ങളല്ല. ബി.എഡ് കോളേജുകൾക്കും കോഴ്സുകൾക്കും അംഗീകാരം നൽകുന്നത് കേന്ദ്ര ഏജൻസിയായ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷനും (NCTE) അതിന്റെ ഘടകമായ സതേൺ റീജിയണൽ കമ്മിറ്റി (SRC)യുമാണ്. പ്രസ്തുത ഏജൻസി (SRC) 2012 ൽ നടത്തിയ പരിശോധനകളിൽ ടി സ്ഥാപനങ്ങൾ NCTE നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നില്ല എന്ന് കണ്ടെത്തുകയും അവ സമയബന്ധിതമായി പരിഹരിക്കണമെന്ന് നിർദ്ദേശം നൽകുകയുമുണ്ടായി. പ്രസ്തുത സെന്ററുകൾക്ക് അംഗീകാരം നഷ്ടമാകുമെന്ന് ഉറപ്പായ ഘട്ടത്തിൽ സർക്കാർ ഇടപെടുകയും, NCTE മുമ്പാകെ സർക്കാർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 10 കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂകേഷനുകൾക്കും 2015-16 അദ്ധ്യയന വർഷം വരെ തുടർ അംഗീകാരം നൽകുവാൻ NCTE (SRC) തീരുമാനിക്കുകയുമുണ്ടായി. എന്നാൽ WP(c) 26542/13 നം. കേസിന്മേലുള്ള ബഹു. |
| (സി) | ബി. എഡ്. സെന്ററുകൾക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കുന്നതിലും അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിലും കുറ്റകരമായ വീഴ്ചയാണ് സർവ്വകലാശാലാ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് എന്ന വസ്തുത അറിവുള്ളതാണോ; | | |

| | | | |
|---|---|---|---|
| | ഇക്കാര്യത്തിൽ ഇടപെടുകയുണ്ടായോ; | | ഹൈക്കോടതിയുടെ 11.04.2014 ലെ വിധി പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് NCTE യുടെ അംഗീകാരം 2013-14 അദ്ധ്യയന വർഷത്തേയ്ക്ക് മാത്രമേ നിലനിൽപ്പുള്ളുവെന്നും 2014-15 മുതൽ കോഴ്സ് നടത്തണമെങ്കിൽ തുടർ അംഗീകാരം നേടേണ്ടതുണ്ടെന്നും പ്രസ്താവിച്ചു. പ്രസ്തുത ഹൈക്കോടതി വിധി നടപ്പാക്കിക്കൊണ്ട് NCTE 10 ബി.എഡ് കോളേജുകളുടെയും അംഗീകാരം പിൻവലിക്കുകയുണ്ടായി. അംഗീകാരം പുനസ്ഥാപിക്കുന്നതിനും സ്ഥാപനം തുടർന്ന് നടത്തുന്നതിനും സാധ്യമായ ശ്രമങ്ങൾ സർക്കാർ നടത്തുകയുണ്ടായി . അംഗീകാരം പുനസ്ഥാപിക്കുന്നതിന് സർവ്വകലാശാല NCTE മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീലിൽ NCTE 24.11.2014 ൽ സർവ്വകലാശാലയുടെ ഭാഗം കേൾക്കുകയുമുണ്ടായി. ഇതിൻമേൽ തീരുമാനങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ ഭാഗത്ത് നിന്ന് മനപൂർവ്വമായ അനാസ്ഥ ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | കോളേജുകൾ നിലനിർത്തുന്ന കാര്യത്തിൽ സർവ്വകലാശാല അധികൃതർ കാണിക്കുന്ന അനാസ്ഥ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | വർഷങ്ങളായി ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരേയും ബി. എഡ്. പഠനം ആഗ്രഹിക്കുന്ന സാധാരണക്കാരായ വിദ്യാർത്ഥികളേയും ഈ തീരുമാനം എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | | പ്രസ്തുത സ്ഥാപനങ്ങൾ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളായതിനാൽ കരാർ അടിസ്ഥാനത്തിൽ താല്ക്കാലികമായിട്ടാണ് അദ്ധ്യാപകരെ നിയമിച്ചിരുന്നത്. സ്ഥാപനങ്ങൾക്കുള്ള അംഗീകാരം നഷ്ടമായതിനാൽ അധ്യാപകരുടെ കരാർ പുതുക്കി നല്കാൻ കഴിയില്ല എന്ന് സർവകലാശാല അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ബി.എഡ് കോഴ്സ് പഠിക്കുന്നതിനുള്ള കുട്ടികളുടെ എണ്ണം കുറവായതിനാൽ പഠനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് അതിനുള്ള അവസരം നഷ്ടമാകുകയില്ല. |

സെക്ഷൻ ഓഫീസർ